# DEPARTMENT OF CATECHESIS

**ARCHDIOCESE OF ERNAKULAM – ANGAMALY**


## 2024–2025 വിശ്വാസപരിശീലനവർഷം രണ്ടാം സെമസ്റ്റർ

## 07,08,09 വരെ ക്ലാസ്സുകളിലെ സാധ്യത പൊതുചോദ്യങ്ങൾ

1. എല്ലാ സാധ്യതകളും അവസാനിച്ചുവെന്ന് തോന്നുമ്പോഴും ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന തിരിച്ചറിവിന്റെ പ്രകാശത്തിലേക്കാണ് യഥാർത്ഥ വിശ്വാസജീവിതം നമ്മെ വഴി നടത്തുന്നത്. നിങ്ങളുടെ ബോധ്യങ്ങളും കാഴ്ചപ്പാടുകളും വിശദമാക്കുക.
2. വി. കുർബാനയിലൂടെയും നവമാധ്യമങ്ങളിലൂടെയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാമെന്നതിന്റെ ആധുനിക സാക്ഷ്യമാണല്ലോ കാർലൊ അക്കൂത്തിസ്. നിങ്ങളുടെ സമപ്രായക്കാരനായ ഈ വാഴ്ത്തപ്പെട്ടവൻ എങ്ങനെയെല്ലാം നിങ്ങളെ സ്വാധീനിക്കുന്നുവെന്നും നവമാധ്യമങ്ങളിലൂടെ നിങ്ങൾക്ക് എപ്രകാരം വിശ്വാസത്തിന് സാക്ഷ്യം നൽകാനാകുമെന്നും വിശദമാക്കുക.
3. 'പ്രാർത്ഥനയിൽ വളരാം' എന്നതാണല്ലോ ഈ വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. ഈ വർഷം വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ നിങ്ങൾ സ്വന്തമാക്കിയ ശ്രദ്ധേയമായ ബോധ്യങ്ങൾ എന്തെല്ലാമാണ്?
4. ഇടയ്ക്കിടെയുള്ള കുമ്പസാരത്തിലൂടെയും അനുദിന ദിവ്യബലിയിലൂടെയും ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ വളരാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? കൗമാരക്കാരായ നിങ്ങളുടെ നല്ല ജീവിതത്തെ തളർത്തുന്ന കാര്യങ്ങൾ ഏവയെന്നും, പ്രാർത്ഥനയിലൂടെ ഒരു 'പോസിറ്റീവ് വൈബിൽ' (Positive Vibe) നിങ്ങൾക്ക് എങ്ങനെ വളരാൻ കഴിയുമെന്നും വിവരിക്കുക.
5. കുട്ടികൾ ചൂഷണങ്ങൾക്ക് ഇരയാകുന്നത് ഇന്ന് വർദ്ധിച്ചുവരികയാണല്ലോ. എന്തൊക്കെ ചൂഷണങ്ങളാണ് കുട്ടികൾ നേരിടുന്നത്? നിങ്ങളുടെ സുഹൃത്ത് ഇത്തരത്തിലുള്ള ചൂഷണത്തിന് ഇരയായാൽ, അതിൽ നിന്നും ആ സുഹൃത്തിനെ രക്ഷിക്കാൻ എന്തൊക്കെ ചെയ്യാനാകും?
6. നിങ്ങളുടെ വിശ്വാസം ആഴപ്പെടാൻ അനുവർത്തിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കുക. ക്രൈസ്തവർ എന്ന നിലയിൽ, സംസാരം, പ്രവൃത്തി, നോട്ടം ഇവ കൊണ്ട് നിങ്ങളുടെ കൂട്ടുകാർക്കും സമൂഹത്തിലും ഉത്തമക്രിസ്ത്യാനിയായി നിലകൊള്ളാൻ എപ്രകാരം സാധിക്കുന്നു?
7. ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ നിങ്ങൾ സ്വായത്തമാക്കിയ പ്രധാനപ്പെട്ട ക്രൈസ്തവ വീക്ഷണങ്ങൾ ഏതൊക്കെ? കാറ്റിക്കിസം ക്ലാസ്സുകളിൽ നിന്നും വിശ്വാസത്തെ സാക്ഷ്യപ്പെടുത്താനുള്ള ബോധ്യങ്ങൾ സ്വന്തമാക്കാൻ നിങ്ങൾ പ്രാപ്തരായോ?